പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2587 **28-10-2026-ൽ മറുപടിയ്ക്ക്**

പഞ്ചമി ഗ്രാമം പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. വി. സുമേഷ്

മറുപടി നൽകിയ മന്ത്രി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പഞ്ചമിഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

മറുപടി: സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലത്തിലും 15 കുടുംബങ്ങളിൽ താഴെ പട്ടികജാതി കുടുംബങ്ങൾ ഒരിടത്ത് അധിവസിക്കുന്നതും കുറഞ്ഞത് മൂന്ന് കുടുംബങ്ങളെങ്കിലും ഉള്ളതുമായ പ്രദേശങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് പഞ്ചമി ഗ്രാമം പദ്ധതി.

- സുരക്ഷിതമായ കുടിവെള്ളം
- വൈദ്യുതി
- മാലിന്യ നിർമ്മാർജ്ജനം
- റോഡ് കണക്റ്റിവിറ്റി
- ശുചിത്വ സൗകര്യങ്ങൾ
- ഇന്റർനെറ്റ് കണക്റ്റിവിറ്റി
- ഭവന നവീകരണം
- വീടുകളുടെ/നഗറുകളുടെ സംരക്ഷണ ഭിത്തി (അപകടാവസ്ഥയിലുള്ള സ്ഥിതിയിൽ മാത്രം)
- നഗറുകളിലെ പാരമ്പരാഗത ആരാധനാ ഇടങ്ങളുടെ പുനരുദ്ധാരണം

എന്നിങ്ങനെയുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നു.

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഒരു ഉന്നതിക്ക് അല്ലെങ്കിൽ സെറ്റിൽമെന്റിന് അനുവദിക്കുന്ന പരമാവധി തുക എത്രയാണ്; വിശദാംശം അറിയിക്കാമോ;

മറുപടി: ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിൽ രണ്ട് ഗ്രാമങ്ങളെ ഉൾപ്പെടുത്തി ഓരോ ഗ്രാമത്തിനും പരമാവധി 40 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് പഞ്ചമി ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

(സി) പദ്ധതി നടപ്പിലാക്കുന്നതിന്റെ ചുമതലകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

<u>മറുപടി:</u> അംഗീകൃത സർക്കാർ/സർക്കാർ ഇതര അക്രഡിറ്റഡ് ഏജൻസികൾ എന്നിവയിൽ നിന്നും ഉചിതമായ ഒരു ഏജൻസിയെയോ, എൽ.എസ്.ജി.ഡി എഞ്ചിനിയറിംഗ് വിഭാഗത്തെയോ നിർവ്വഹണ ഏജൻസിയായി എം.എൽ.എ/ലോക് സഭ എം.പി യുടെ ശിപാർശ പ്രകാരം തെരഞ്ഞെടുക്കുന്നു.

ഗ്രാമതല മോണിറ്ററിംഗ് കമ്മിറ്റിയുടെ ചെയർമാൻ എം.എൽ.എ യും കൺവീനർ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസറും ആയിരിക്കും. ഗ്രാമ പഞ്ചായത്ത്/നഗരസഭാ അദ്ധ്യക്ഷൻ, വാർഡ് മെമ്പർ/കൗൺസിലർ, ഗുണഭോക്താക്കളുടെ പ്രതിനിധികൾ (പുരുഷൻ -1,സ്ത്രീ -1), ഏജൻസി പ്രതിനിധി, എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ /അസിസ്റ്റന്റ് എഞ്ചിനീയർ, പട്ടികജാതി പ്രൊമോട്ടർ, പട്ടികജാതി വികസന വകുപ്പ് നിയമിച്ചിട്ടുള്ള അക്രഡിറ്റഡ് എഞ്ചിനീയർ / ഓവർസിയർ എന്നിവർ അംഗങ്ങളുമായിരിക്കും.

സെക്ഷൻ ഓഫീസർ